# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 22. 01.2025 മുതൽ 26.01.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 03/2025, (6) ചൊവ്വാഴ്ച | തീയ്യതി 21/01/2025 |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2025 ജനുവരി 15 മുതൽ ജനുവരി 21 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2025 ജനുവരി 22 മുതൽ ജനുവരി 26 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 15/01 | 16/01 | 17/01 | 18/01 | 19/01 | 20/01 | 21/01 | തീയ്യതി | | 22/01 | 23/01 | 24/01 | 25/01 | 26/01 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 0 | 0 | 0 | 0 | 0 |
| 33.5 | 32.0 | 32.5 | 32.1 | 32.3 | 30.6 | 34.5 | ഉയർന്ന താപനില (°C) | | 35 | 35 | 32 | 32 | 32 |
| 26.0 | 25.4 | 24.8 | 24.4 | 24.9 | 25.5 | 24.1 | കുറഞ്ഞ താപനില (°C) | | 24 | 24 | 24 | 24 | 24 |
| Cloudy | Partly cloudy | Partly cloudy | Partly cloudy | Cloudy | Cloudy | Partly cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Partly cloudy | Partly cloudy | Partly cloudy | Partly cloudy | Partly cloudy |
| Cloudy | Partly cloudy | Partly cloudy | Cloudy | Cloudy | Partly cloudy | | PM | | | | | | |
| 67 | 66 | 67 | 67 | 69 | 75 | 65 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 70 | 70 | 70 | 70 | 70 |
| 48 | 41 | 45 | 44 | 65 | 45 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 43 | 43 | 43 | 43 | 43 |
| 8.7 | 11.7 | 15.4 | 10.9 | 9.3 | 8.2 | 6.5 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 4 | 2 | 2 | 2 | 4 |
| NNE | ENE | NNW | ENE | ENE | ENE | ENE | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | W | WSW | SW | ESE | E |
| SE | NE | NE | NNE | ENE | ESE | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2025 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/01/25 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 0.0 | 0.0 |

കാലാവസ്ഥാ അറിയിപ്പ്:- പൊതുവെ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:- കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) പാലുറച്ച പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 20 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുക. |
| വാഴ | പരിചരണമാർഗ്ഗങ്ങൾ | കാറ്റിന്റെ വേഗത കൂടിവരുന്നതിനാൽ വാഴകൾക്ക താങ്ങുകാലുകൾ കൊടുക്കാവുന്നതാണ് |
| വെണ്ട | പച്ചത്തുള്ളൻ | അന്തരീക്ഷ ഊഷ്മാവ് കൂടിവരുന്നതിനാൽ വെണ്ടയിൽ പച്ചത്തുള്ളനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ തയോമെത്തോക്സാം 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പയർ | കായ് തുരപ്പൻ | പയറിൽ കായ് തുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി വേപ്പിൻ കുരു സത്ത് 50 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കുക. |

മൃഗസംരക്ഷണം-: അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് പശുക്കൾക്ക് സാംക്രമിക രോഗങ്ങൾ ക്കെതിരെയുള്ള കുത്തിവെയ്പുകൾ നൽകുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധയേൽക്കാതെ സൂക്ഷിക്കുക. (CAADECCS KVASU, Mannuthy)